(ബി) ഉണ്ടെങ്കിൽ അപ്രകാരം സംഭാവിച്ചതിന്റെ നഷ്ടം പ്രത്യേകം തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്രയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) നഷ്ടം കണക്കാക്കി വരുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

കോട്ടയ്ക്കലിൽ കെ.എസ്.ആർ.ടി.സി. സ്റ്റേഷൻമാസ്റ്ററുടെ ആഫീസ്

1275. [1741] ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കലിൽ കെ.എസ്.ആർ.ടി.സി. സ്റ്റേഷൻമാസ്റ്ററുടെ ആഫീസ് തുറക്കുന്നതിന് സർക്കാരിൽ വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) സ്റ്റേഷൻമാസ്റ്ററെ നിയമിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

ഉത്തരം

(എ) ഉണ്ട്

(ബി) നിവേദനം പരിശോധിക്കുകയും കോട്ടയ്ക്കലിൽ സ്റ്റേഷൻ മാസ്റ്ററുടെ ആഫീസ് തൽക്കാലം സ്ഥാപിക്കേണ്ട ആവശ്യമില്ലെന്ന് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

കോർപ്പറേഷൻ ബസ്സുകൾ മുട്ടി മരണമടഞ്ഞവർ

1276. [1742] ശ്രീ. കെ.ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സുകൾ മുട്ടി എത്രപേർ 1984-85 സാമ്പത്തികവർഷത്തിൽ മരണമടഞ്ഞുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനു കോർപ്പറേഷൻ വല്ല നഷ്ടപരിഹാരവും നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്ര കേസുകളിൽ നഷ്ടപരിഹാരം നൽകി ;

(ഡി) നഷ്ടപരിഹാരം നൽകിയില്ലെങ്കിൽ എന്തുകൊണ്ട് ;

(ഇ) ഇക്കാര്യത്തിലുള്ള നിയമവ്യവസ്ഥകൾ എന്താണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 121 പേർ മരണമടഞ്ഞിട്ടുണ്ട്.

(ബി) ഉണ്ട്

(സി) അപകടത്തിൽപ്പെട്ട് പരിക്കുപറ്റിയവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കുമായി 372 കേസുകളിൽ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) മോട്ടോർ വാഹനനിയമത്തിലെ 110 എ. 92എ. എന്നീ വകുപ്പുകൾ അനുസരിച്ച് നഷ്ടപരിഹാരത്തിന് ആവശ്യപ്പെടേണ്ടതാണ്; നഷ്ടപരിഹാരം ആവശ്യപ്പെടാതെ നൽകാൻ നിയമപ്രകാരം നിർവ്വാഹമില്ല.

ടയർ റീട്രെഡിംഗ് യൂണിറ്റുകൾ

1277. [1743] ശ്രീ. സി. വാസുദേവമേനോൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സിയ്ക്ക് എത്ര ടയർ റീട്രെഡിംഗ് യൂണിറ്റുകളാണ് ഉള്ളത് ;

(ബി) ഈ യൂണിറ്റുകളിലെല്ലാംകൂടി പതിദിനം എത്ര ടയറുകളാണ് റീട്രെഡ് ചെയ്യുന്നത് ;

(സി) ഇത് ഈ യൂണിറ്റുകളുടെ സ്ഥാപിതശേഷിയുടെ എത്ര ശതമാനമാണ് ;

(ഡി) ഇപ്പോൾ കെ.എസ്.ആർ.ടി.സി. ടയർ റീട്രെഡിംഗിന് സ്വകാര്യസ്ഥാപനങ്ങളെ ഏൽപ്പിക്കാറുണ്ടോ ;

(ഇ) എങ്കിൽ ആർക്കൊക്കെയാണ് നൽകുന്നത് ;

(എഫ്) ഒരു ടയർ റീട്രെഡിംഗ് നടത്തുന്നതിന് എന്തുകൂലിയാണ് നൽകിവരുന്നത് ;

(ജി) കെ.എസ്.ആർ.ടി.സി. സ്വന്തമായി റീട്രെഡിംഗ് നടത്തുമ്പോൾ എന്ത് ചെലവാകും ;

(എച്ച്) കെ.എസ്.ആർ.ടി.സി. യുടെ റീട്രെഡിംഗ് കമ്പനി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുവാൻ ഉദ്ദേശമുണ്ടോ ?

ഉത്തരം

(എ) മൂന്നെണ്ണം

(ബി) ശരാശരി 210 എണ്ണം

(സി) 89%

(ഡി) ഉണ്ട്

(ഇ) 28-2-1985 മുതൽ 27-2-1986 വരെ സുന്ദരം ഇൻഡസ്ട്രീസിന് ടയർ റീകവാപ്പുചെയ്യാൻ കരാറുണ്ട്.

(എഫ്) റീ കവാപ്പിംഗ്—590 രൂപ റിപ്പയർ ആൻറ് റീകവാപ്പിംഗ്-650 രൂപ

(ജി) റീ കവാപ്പിംഗ് 570 രൂപ റിപ്പയർ ആൻറ് റീകവാപ്പിംഗ് 663 രൂപ.

(എച്ച്) പാപ്പനംകോടും എടപ്പാളും ഇപ്പോഴത്തെ 3 ഷിഫ്റ്റുകളും പ്രവർത്തിക്കുന്നുണ്ട്. ഈ വർക്ക്ഷോപ്പുകളിലെ റീട്രെഡിംഗ്ശേഷിവർദ്ധിപ്പിക്കുവാൻ സാധിക്കുകയില്ല. എന്നാൽ ആലുവായിൽ പുതുതായി ആരംഭിച്ചിട്ടുള്ള ടയർഷോപ്പിൽ പരിശീലനം സിദ്ധിച്ച തൊഴിലാളികളുടെ കുറവുമൂലം ഒരു ഷിഫ്റ്റ് മാത്രമേയുള്ളു. ബാക്കിയുള്ള ഷിഫ്റ്റുകൂടി പ്രവർത്തിപ്പിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly